(ഡി) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C) 33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

7(*397) ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ&ബി) വിവിധ ദുരിതങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനു പകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരിതങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. തീരദേശ മലയോര ദുരിത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം.-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതുപോലെ തന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാകുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly